# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 150

11-02-2013 ൽ മറുപടിയ്ക്ക്

## വരൾച്ച മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാജേഷ്<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത്, മഴക്കുറവും അണക്കെട്ടുകളിൽ വെള്ളമില്ലാത്തതും മൂലം നെല്ലുൽപ്പാദനത്തിൽ സംഭവിച്ചിട്ടുള്ള കുറവിനെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിവരങ്ങൾ നൽകുമോ ; | (എ) വിലയിരുത്തിയിട്ടുണ്ട്. നെല്ലുല്പാദനത്തിൽ 30-50% ഉല്പാദനത്തിൽ കുറവ് കാണുന്നു. തിരുവനന്തപുരം ജില്ലയിൽ 2011-12 മുണ്ടകൻ കൃഷിയുടെ നെല്ല് 315 ടൺ സംഭരിച്ചു. എന്നാൽ 2012 വിരിപ്പ് കാലഘട്ടത്തിൽ ഉല്പാദനക്കുറവ് കാരണം 150 ടൺ നെല്ല് മാത്രമേ സംഭരിച്ചിട്ടുള്ളൂ. കൊല്ലം ജില്ലയിൽ നെല്ലുല്പാദനത്തിൽ 50% കുറവ് ഉണ്ടായിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ വർഷത്തിൽ 26862 ഹെക്ടറിൽ പുഞ്ച കൃഷി ചെയ്തിരുന്നത് ഈ വർഷം 24363 ഹെക്ടർ മാത്രമാണ് പുഞ്ച കൃഷി ഇറക്കിയത്. വരൾച്ച മൂലം ഈ വർഷം 2500 ഹെക്ടർ കൃഷിയെങ്കിലും കുറവായിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 10%ത്തോളം ഉല്പാദനക്കുറവും 50 ഹെക്ടറിൽ പൂർണ നഷ്ടവും ഉണ്ടായിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശുദ്ധജലം കയറ്റി ഇറക്കേണ്ടതാണ്. ഇത് സാദ്ധ്യമാകാത്തത് വരൾച്ച മൂലമാണ്. ആയതിനാൽ പൂർണമായ കൃഷിനാശം പ്രതീക്ഷിക്കുന്നു. |

ഇടുക്കി ജില്ലയിൽ മൊത്തം നെൽകൃഷിയിൽ 734 ഹെക്ടറിന്റെ കുറവ് വന്നിട്ടുണ്ട്. എറണാകുളം ജില്ലയിൽ പെരിയാർവാലി, മൂവാറ്റുപുഴവാലി, ജലസേചന പദ്ധതികളിൽ നിന്നും ആവശ്യത്തിന് ജലം ലഭിക്കാത്തതു മൂലം 20 ഹെക്ടർ നെൽകൃഷി നശിക്കുകയും 2000 ഹെക്ടറോളം കൃഷി വിസ്തൃതി കുറയുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ 2802 ഹെക്ടറോളം നെൽകൃഷി വിസ്തൃതിയിൽ കുറവുവന്നിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 49408 ഹെക്ടറോളം ചെയ്തിരുന്ന രണ്ടാംവിള നെൽകൃഷി ഇത്തവണ മഴക്കുറവ് കാരണം 45265 ഹെക്ടറായി കുറഞ്ഞു. ഉദ്ദേശം 4144 ഹെക്ടർ നെൽകൃഷിയാണ് കുറവ് സംഭവിച്ചിരിക്കുന്നത്. കോഴിക്കോട് ജില്ലയിൽ മഴക്കുറവ് മൂലം നെല്ലുല്പാദനം കുറയുന്നത് പുഞ്ചകൃഷിയിലാണ്. മലപ്പുറം ജില്ലയിൽ മഴക്കുറവ് മൂലം 1574 ഹെക്ടർ നെല്ല് കൃഷിയിറക്കാൻ സാധിച്ചില്ല. ആ ഇനത്തിൽ 4700 മെട്രിക് ടൺ നെൽ ഉല്പാദന ക്കുറവും വരൾച്ച കാരണം കൃഷി ചെയ്ത നെല്ല് ഇനത്തിൽ 100 മെട്രിക് ടൺ ഉല്പാദന ക്കുറവും ഉണ്ടായിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ നെൽകൃഷി 130 ഹെക്ടറിൽ 50% ൽ കൂടുതൽ നശിക്കുകയും 1900 ഹെക്ടറിൽ 50% ൽ കുറവ് നശിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ 1000 ഹെക്ടറിൽ കുറവ് നെൽകൃഷിയിലുണ്ടായിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഉല്പാദനത്തിൽ മഴക്കുറവ് മൂലം 220 മെട്രിക് ടൺ കുറവുണ്ടാകും.

| | | | |
|---|---|---|---|
| (ബി) | നെല്ലുൽപാദന മേഖലയിലെ കർഷകർ വരൾച്ചയെ തുടർന്ന് നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | ഉണ്ട്. <br>നെല്ലുല്പാദന മേഖലയിൽ വരൾച്ച മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി വിള നിർണയ സമിതിയോഗങ്ങളും പദ്ധതി ഉപദേശക സമിതി യോഗങ്ങളും കൂടിയിരുന്നു. കർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാനും ജലസേചന പദ്ധതി പ്രദേശങ്ങളുടെ അതിർത്തികളിൽ നെൽകൃഷി ഒഴിവാക്കി ചോളം, പയർ തുടങ്ങിയ ജലം കുറവു വേണ്ട വിളകൾ കൃഷി ചെയ്യുവാനും നിർദ്ദേശിച്ചിരുന്നു. കൂടാതെ ഫെബ്രുവരി ഒന്നുവരെയെങ്കിലും നെൽകൃഷിക്ക് ജലം ലഭ്യമാക്കാൻ ജലസേചന പദ്ധതിയുടെ എഞ്ചിനീയർമാരോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാമെന്നും നിർദ്ദേശം നൽകിയിരുന്നു. <br>ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെ പറ്റി കർഷകർക്ക് ബോധവൽക്കരണം സാങ്കേതിക ഉപദേശം എന്നിവ നൽകുന്നുണ്ട്. |
| (സി) | കൃഷിനാശത്തിന് ഉചിതമായ തുക നഷ്ടപരിഹാരമായി ലഭിക്കുന്നതിനുതകുന്ന തരത്തിൽ | (സി) | ഇതിനായി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |

(ഡി) വെള്ളം ഉണ്ടായിരുന്ന ഘട്ടത്തിൽ കൃഷിക്കാർക്ക് സർക്കാർ സഹായങ്ങൾ ലഭിക്കാതിരുന്നതിനാൽ കൃഷി ഇറക്കാൻ കഴിയാതെ പോയ സാഹചര്യം ഉണ്ടായിരുന്നുവോ?

(ഡി) ഇല്ല.

സെക്ഷൻ ഓഫീസർ.